**മലയാളഭാഷ ശ്രേഷ്ഠഭാഷ**

**ജില്ലാ ഇൻഫർമേഷൻ ഓഫീസ്**

**കൊല്ലം**

**പത്രക്കുറിപ്പ്**

www.prd.kerala.gov.in
e-mail: prdkollam@gmail.com **2020 ഏപ്രിൽ 30** ഫോൺ: 0474-2794911

## കോവിഡിനൊപ്പം പ്രളയവും വന്നാൽ നേരിടാൻ മുന്നൊരുക്കം വേണം - മന്ത്രി എ സി മൊയ്തീൻ

കോവിഡ് ഭീഷണി പൂർണമായും ഒഴിയാത്ത സാഹചര്യത്തിൽ മഴക്കാലത്ത് പ്രളയം കൂടി വന്നാൽ നേരിടാൻ തദ്ദേശ സ്ഥാപനങ്ങൾ മുൻകരുതലുകൾ എടുക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ.

ജില്ലയിലെ മഴക്കാല പൂർവ ശുചീകരണം, കോവിഡ് പ്രതിരോധം എന്നിവ കൊല്ലം നഗരസഭാ സമ്മേളന ഹാളിൽ അവലോകനം ചെയ്യുകയായിരുന്നു മന്ത്രി. കോവിഡ് പ്രതിരോധത്തിന് മാസ്ക്കുകൾ നിർബന്ധമാക്കിയ സാഹചര്യത്തിൽ ഉപയോഗിച്ച മാസ്ക്കുകൾ സംസ്കരിക്കുന്നത് എങ്ങനെയെന്ന് ബോധവത്കരണം നടത്തണമെന്നും മന്ത്രി നിർദേശിച്ചു.

സാമൂഹിക അകലം പാലിക്കേണ്ടത് അത്യാവശ്യമായ ഘട്ടത്തിൽ പ്രളയം കൂടിവന്നാൽ ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്ന സാഹചര്യത്തിൽ കോവിഡ് പ്രതിരോധത്തിന് തടസമാവാം. വെള്ളപ്പൊക്കം ഉണ്ടായ ഇടങ്ങളിൽ ശ്രദ്ധയോടെ ഇടപെട്ട് വെള്ളത്തിന്റെ സ്വാഭാവിക ഒഴുക്ക് സുഗമമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കണം. ദുരന്തനിവാരണത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ തടസങ്ങൾ ഇല്ലാതെ നടപടികൾ വേഗത്തിലാക്കണം. മുൻകാലങ്ങളിൽ വെള്ളക്കെട്ട് ഉണ്ടാക്കിയിട്ടുള്ള അനധികൃത നിർമാണ പ്രവർത്തനങ്ങൾ കണ്ടെത്തി തടസം നീക്കണം.

നദികളിൽ ഒഴുക്ക് തടസമില്ലായെന്ന് ഉറപ്പാക്കണം. ഓടകൾ, തോടുകൾ, കുളങ്ങൾ എന്നിവയിൽ മാലിന്യങ്ങൾ നീക്കം ചെയ്യണം. ക്യാമ്പുകളിലുള്ള ഇതരസംസ്ഥാന തൊഴിലാളികളിൽ സേവന സന്നദ്ധരായവരെ പ്രവൃത്തികളിൽ സഹകരിപ്പിക്കാമെന്നും ഇതിന് തൊഴിൽ വകുപ്പിന്റെ സഹായം തേടണമെന്നും മന്ത്രി

പറഞ്ഞു. ഉപയോഗിക്കുന്ന മാസ്ക്കുകൾ സംസ്കരിക്കുന്നതിന് നഗരസഭകൾ പ്രത്യേകം മാർഗം കണ്ടെത്തണം. ഗ്രാമങ്ങളിൽ വീടുകളിൽ തന്നെ ശാസ്ത്രീയമായി സംസ്കാരിക്കാനുള്ള ബോധവത്കരണം നടത്തണം.

കോവിഡിന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യവസ്തുക്കളുടെ ക്ഷാമം മുൻകൂട്ടി കണ്ട് മുഖ്യമന്ത്രി നിർദേശിച്ച തരിശിടങ്ങളിലെ കൃഷിക്ക് മുൻതൂക്കം നൽകണം. മൃഗസംരക്ഷണം, മത്സ്യകൃഷി എന്നിവയും യുവജനങ്ങളെ പങ്കെടുപ്പിച്ച് പ്രോത്സാഹിപ്പിക്കണമെന്നും പ്രളയത്തെപ്പോലെ കോവിഡിനെയും അതിജീവിക്കാൻ തദ്ദേശസ്ഥാപനങ്ങൾ നൽകുന്ന പിന്തുണ അതിജീവനത്തിന്റെ പുതുചരിത്രമാവുമെന്നും മന്ത്രി പറഞ്ഞു.

മേയർ ഹണി ബഞ്ചമിൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സി രാധാമണി, സെക്രട്ടറി കെ പ്രസാദ്, കോർപ്പറേഷൻ സെക്രട്ടറി എ എസ് അനുജ, മേഖലാ നഗരകാര്യ ജോയിന്റ് ഡയറക്ടർ ഹരികുമാർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ബിനുൻ വാഹിദ്, വകുപ്പുതല ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിച്ചു.

(പി.ആർ.കെ. നമ്പർ. 1253/2020)

കോവിഡ് 19

## അതിവേഗം ആശ്വാസം: മൂന്നു പേർ കോവിഡ് ഭേദമായി ആശുപത്രി വിട്ടു

അസുഖം സ്ഥിരീകരിച്ച് ആറാം ദിവസം രോഗംഭേദമായ ചാത്തന്നൂർ മീനാട് സ്വദേശി 47 വയസുള്ള ആരോഗ്യ പ്രവർത്തക (P14) ജില്ലയിലെ ആരോഗ്യമേഖലയ്ക്ക് ആശ്വാസം പകർന്നു. ഇവരടക്കം ജില്ലയിൽ മൂന്നു പേർ കോവിഡ് ഭേദമായി ആശുപത്രി വിട്ടു.

ഏഴാം ദിനം രോഗമുക്തി നേടിയ കുളത്തൂപ്പുഴ കുമരം കരിക്കം സ്വദേശിയായ 85 വയസുള്ള വയോധികയും (P11) ചികിത്സാരംഗത്ത് പ്രതീക്ഷയായി. തെങ്കാശി പുളിയംകുടിയിൽ മരണാനന്തര ചടങ്ങുകളിൽ പങ്കെടുത്ത് തിരികെയെത്തിയ അയൽവാസിയും ഇപ്പോൾ ആശുപത്രിയിൽ പരിചരണത്തിലുമുള്ള P10 ൽ നിന്നാണ് ഇവർക്ക് രോഗ പകർച്ചയുണ്ടായത്. ഏപ്രിൽ 19 ന് കോവിഡ് കെയർ സെന്ററിൽ നിരീക്ഷണത്തിൽ പ്രവേശിച്ച ഇവരുടെ സാമ്പിൾ ഏപ്രിൽ 23ന് പോസിറ്റീവായി സ്ഥിരീകരിക്കുകയായിരുന്നു.

നിസാമുദ്ദീനിൽ നിന്നും തിരികെയെത്തിയ നിലമേൽ കൈതോട് സ്വദേശി (P8) 52 വയസ്സുള്ളയാളാണ് മൂന്നാമത്തെയാൾ. ഏപ്രിൽ ഏഴിനാണ് രോഗം സ്ഥിരീകരിച്ചത്. രോഗമുക്തിക്ക് 23 ദിവസങ്ങൾ വേണ്ടി വന്നു. ഇദ്ദേഹത്തിന്റെ മകന്

സമ്പർക്കത്തിലൂടെ കോവിഡ് ബാധിച്ചുവെങ്കിലും എട്ടാം ദിനം രോഗമുക്തി നേടിയിരുന്നു. മൂന്നു പേർ കൂടി ആശുപത്രി വിട്ടതോടെ രോഗമുക്തി നേടിയവരുടെ എണ്ണം ഏട്ടായി. നിലവിൽ 12 പോസിറ്റീവ് കേസുകളാണ് ജില്ലയിൽ ഉള്ളത്. സമൂഹ വ്യാപനം തടയുന്നതിന് ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും രോഗനിർണയം വേഗമാക്കുന്നതിന് വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായും ജില്ലാ കലക്ടർ ബി അബ്ദുൽ നാസർ അറിയിച്ചു.

(പി.ആർ.കെ. നമ്പർ. 1254/2020)

**കോവിഡ് 19**

## സൗജന്യ ധനസഹായം അനുവദിച്ചു

ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ പ്രതിസന്ധിയിലായ ക്ഷേമനിധി ബോർഡ് അംഗങ്ങളായ മോട്ടോർ തൊഴിലാളികൾക്ക് സൗജന്യ ധനസഹായം നൽകും. ബസ്, ഗുഡ്സ്, ടാക്സി, ഓട്ടോ തൊഴിലാളികൾക്ക് യഥാക്രമം 5000, 3500, 2500, 2000 രൂപ നിരക്കിലും 1991 ലെ ഓട്ടോറിക്ഷാ പദ്ധതിയിലുൾപ്പെട്ട തൊഴിലാളികൾക്ക് 2000 രൂപ നിരക്കിലും 2004 ലെ ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികൾക്ക് 1000 രൂപ നിരക്കിലുമാണ് സൗജന്യ ധനസഹായം അനുവദിക്കുന്നത്.

ലോക്ക് ഡൗൺ പ്രതിസന്ധി കണക്കിലെടുത്താണ് മുൻപ് പ്രഖ്യാപിച്ച തിരിച്ചടയ്ക്കേണ്ടാത്ത വായ്പയ്ക്ക് പകരമായി സൗജന്യ ധനസഹായം പ്രഖ്യാപിച്ചത്. നിലവിൽ തിരച്ചടയ്ക്കേണ്ടാത്ത വായ്പ അനുവദിക്കപ്പെട്ടവർക്കും ഇതിനോടകം വായ്പയ്ക്ക് അപേക്ഷിച്ചവർക്കും സൗജന്യ ധനസഹായം അനുവദിച്ചതായി പരിഗണിക്കപ്പെടും. ആയതിനാൽ വായ്പ ഇനത്തിൽ തുക കൈപ്പറ്റിയവരും വായ്പയ്ക്കായി അപേക്ഷ സമർപ്പിച്ചവരും വീണ്ടും അപേക്ഷിക്കേണ്ടതില്ല. ഇതുവരെ അപേക്ഷിച്ചിട്ടില്ലാത്ത അംഗങ്ങളായ തൊഴിലാളികൾക്ക് അപേക്ഷ ഫോം ഡൗൺലോഡ് ചെയ്യുന്നതിനും വിശദ വിവരങ്ങൾക്കും www.kmtwwfb.org വെബ്സൈറ്റ് സന്ദർശിക്കണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

(പി.ആർ.കെ. നമ്പർ. 1255/2020)

കോവിഡ് 19

## ഗവൺമെന്റ് എംപ്ലോയീസ് സഹകരണ ബാങ്ക് എട്ട് ലക്ഷം രൂപ നൽകി

ഗവൺമെന്റ് എംപ്ലോയീസ് സഹകരണ ബാങ്കിന്റെ വകയായും 14 ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളവും ചേർത്ത് എട്ടു ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി. എം നൗഷാദ് എം എൽ എ

യുടെ സാന്നിധ്യത്തിൽ ബാങ്ക് പ്രസിഡന്റ് ജെ രതീഷ്കുമാർ ചെക്ക് ജില്ലാ കലക്ടർ ബി അബ്ദുൽ നാസറിന് കൈമാറി. സെക്രട്ടറി കെ ആർ രഞ്ജിത്ത്, വൈസ് പ്രസിഡന്റ് എ ഗ്രഡിസൺ, ഭരണ സമിതിയംഗം എസ് ദിലീപ് എന്നിവർ സന്നിഹിതരായി.

(പി.ആർ.കെ. നമ്പർ. 1256/2020)

കോവിഡ് 19

## ചാത്തന്നൂർ മേഖലയ്ക്ക് സ്പെഷ്യൽ ഓഫീസർ

കോവിഡ് 19 ചാത്തന്നൂരിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഡെപ്യൂട്ടി കലക്ടർ ആർ സുമീതൻപിള്ളയെ ചാത്തന്നൂർ മേഖല സ്പെഷ്യൽ ഓഫീസറായി ജില്ലാ കലക്ടർ ചുമതലപ്പെടുത്തി. ചാത്തന്നൂർ, ചിറക്കര, കല്ലുവാതുക്കൽ പഞ്ചായത്തുകളും പരവൂർ മുനിസിപ്പാലിറ്റിയും ഉൾപ്പെടുന്ന മേഖലയിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനാണ് ചുമതല. നിലവിൽ നാഷണൽ ഹൈവേ വിഭാഗം സ്പെഷ്യൽ ഡെപ്യൂട്ടി കലക്ടറാണ്. കോവിഡ് ലോക്ക് ഡൗണിന്റെ ഇളവുകളും നിർദേശങ്ങളും സംബന്ധിച്ച ചുമതലകൂടി നിർവഹിച്ചു വരുന്നു.

(പി.ആർ.കെ. നമ്പർ. 1257/2020)

(തുടരും)